കുന്നുകുഴിയിലെ അറവുശാല

96(1457) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നഗരസഭയുടെ കീഴിൽ കുന്നുകുഴിയിൽ പ്രവർത്തിച്ചുവരുന്ന അറവുശാല ആധുനികവൽക്കരിച്ചത് എന്നാണ്;

(ബി) ഇതിനുവേണ്ടി എന്തു തുക ചെലവായി;

(സി) ഇതുമൂലം ഈ അറവുശാലയുടെ പ്രവർത്തനക്ഷമത വർദ്ധിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം മേഖലയിൽ ആണെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ അറവുശാലയിൽ നിന്നുള്ള ദുർഗന്ധംമൂലവും മൃഗങ്ങളുടെ അവശിഷ്ടങ്ങൾ പക്ഷികൾ കൊത്തിയെടുത്ത് സമീപത്തുള്ള വീടുകളിലെ ടെറസുകളിലും മുറ്റത്തും കൊണ്ടിടുന്നത്മൂലവും ഈ പ്രദേശത്തുള്ള ആളുകൾ വളരെയധികം ബുദ്ധിമുട്ടുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇതു സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്തു നടപടി സ്വീകരിച്ചു;

(എഫ്) ഈ അറവുശാലയിൽ നിന്നുള്ള മാലിന്യങ്ങൾ ശരിയായ വിധത്തിൽ സംസ്ക്കരിക്കാത്തതുമൂലം പരിസരവാസികൾക്ക് ഉണ്ടായിട്ടുള്ള പ്രയാസങ്ങൾ പരിഹരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 10.3.1999-ലാണ് പണി പൂർത്തിയാക്കിയത്.

(ബി) 90 ലക്ഷം രൂപ.

(സി) പ്രവർത്തനക്ഷമത വർദ്ധിച്ചിട്ടുണ്ട്. കൂടുതൽ മൃഗങ്ങളെ ഒരേ സമയം ആരോഗ്യകരമായ സാഹചര്യത്തിൽ കശാപ്പു ചെയ്യുന്നതിന് സാധിക്കുന്നു. മൃഗങ്ങളുടെ തൊലി ഉരിക്കുന്നതിനും വെട്ടുന്നതിനും മെഷിനറി ഉപയോഗിച്ചുള്ള ലിഫ്റ്റിംഗ് സമ്പ്രദായം ഉപയോഗിക്കുന്നതുകാരണം ഇറച്ചിയിൽ മാലിന്യങ്ങൾ കടക്കാനുള്ള അവസരം ഒഴിവാക്കിട്ടുണ്ട്.

(ഡി) അറവുശാല ആധുനികവൽക്കരിച്ചതിനുശേഷം ഇത്തരത്തിലുള്ള പരാതികൾക്ക് അടിസ്ഥാനമില്ല. മുഴുവൻ വേസ്റ്റും ഗ്യാസ് ടാങ്കിലേയ്ക്കാണ് പോകുന്നത്.

(ഇ) ഡ്രെയിനേജ് ബ്ലോക്ക് ആയതായി പരാതി ലഭിച്ചിട്ടുണ്ട്. ആ പരാതിക്ക് ഉടനടി തന്നെ പരിഹാരം ഉണ്ടാക്കിയിട്ടുണ്ട്.

(എഫ്)അറവുശാലയിൽ നിന്നുള്ള മാലിന്യങ്ങൾ ഇപ്പോൾ ശരിയായ രീതിയിലാണ് സംസ്ക്കരിക്കുന്നത്.

നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ തൊഴിൽ നികുതി

97 (1458)ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ കരകുളം പഞ്ചായത്തിലെ ഏതെല്ലാം സ്ഥാപനങ്ങളിലെ ജീവനക്കാരിൽനിന്നും തൊഴിൽ നികുതി പിരിച്ചെടുക്കാനുണ്ട് എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly